**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3884 — 11.11.2019 ൽ മറുപടിക്ക്

## കോതമംഗലം താലൂക്ക് ആശുപത്രി രോഗിസൗഹൃദമാക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കോതമംഗലം താലൂക്ക് ആശുപത്രി രോഗിസൗഹൃദമാക്കുന്നതിന്റെ ഭാഗമായി 2.18 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 2.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തനത്തിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭരണാനുമതിയിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | | |
| (സി) | ഇതിന്റെ ഭാഗമായി താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 1. ഒ.പി.വെയിറ്റിംഗ് ഏരിയ<br>2. ടോക്കൺ സിസ്റ്റം<br>3. സ്വകാര്യത ഉറപ്പ് വരുത്തുന്ന പരിശോധന മുറി<br>4. ഫാർമസി വെയിറ്റിംഗ് ഏരിയ<br>5. ഫാർമസിയിൽ ടോക്കൺ സിസ്റ്റം<br>6. ഡിസേബിൾ ഫ്രണ്ട്ലി ടോയ്‌ലറ്റ് |
| (ഡി) | കോതമംഗലം താലൂക്ക് ആശുപത്രി രോഗിസൗഹൃദമാക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡിനെയാണ് പ്രവർത്തിയുടെ എസ്.പി.വി. ആയി തെരെഞ്ഞെടുത്തിട്ടുള്ളത്. |
| (ഇ) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | നിർമ്മാണ പ്രവർത്തനങ്ങൾ അധികം വൈകാതെ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

Hari

സെക്ഷൻ ഓഫീസർ